**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T.5813 | 09/07/2012-ൽ മറുപടിയ്ക്ക്

# വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്ക് ഭൂമി നൽകിയ ജനങ്ങൾക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്കുവേണ്ടി ഭൂമി നൽകിയ ജനങ്ങൾക്ക് കോടതി നഷ്ടപരിഹാരം നിശ്ചയിച്ച് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ; | (ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ഫണ്ട് ലഭ്യമായാൽ മാത്രമേ നഷ്ടപരിഹാരത്തുക നൽകുന്നതിന് സാധിക്കുകയുള്ളൂ. ഫണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ സാദ്ധ്യതയുള്ള കേസുകളിലും, അപ്പീൽ സമർപ്പിച്ച കേസുകളിലും ടി അപ്പീലുകൾ തീർപ്പാക്കാതെ നഷ്ടപരിഹാരം നൽകുവാൻ നിർവ്വാഹമില്ല. |
| (സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച പുനരധിവാസ ഭൂമിയിലെ ഉടമസ്ഥത തർക്കം കോടതിയിൽ നിലനിൽക്കുന്നതിമൂലം കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി ലഭ്യമാകാതെ വന്നിട്ടുണ്ടോയെന്ന കാര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (സി) ഭൂമിയിലെ ഉടമസ്ഥത തർക്കം മൂലം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഭൂമി ലഭ്യമാകാതെ വന്നിട്ടില്ല. കേസ് നിലവിലുള്ളതിനാൽ 6 പേർക്ക് അനുവദിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടില്ല. |

(ഡി) എങ്കിൽ ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) കേസിലെ സ്റ്റേ ഒഴിവാക കിട്ടുന്നതിന് കാര്യവിവര പത്രി സമർപ്പിക്കുകയും അടിയന്ത നടപടികൾ സ്വീകരിക്കുന്നതി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശ നൽകുകയും ചെയതിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.